# ആൺവാർത്തകളും പെൺവാർത്തകളും

എം. പി. ബഷീർ

കേരളത്തിലെ ടെലിവിഷൻ വാർത്തകളിൽ ഗൗരവസ്വഭാവമുള്ള ചില റിപ്പോർട്ടുകളുമായി മലയാളികളെ അഭിമുഖീകരിക്കാറുള്ള രണ്ട് പത്രപ്രവർത്തകർ -വനിതാ പത്രപ്രവർത്തകർ എന്ന് വേണം പറയാൻ- കഴിഞ്ഞ മാസം ജോലിക്കിടയിൽ ആക്രമിക്കപ്പെട്ടു. തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ഒരു സംഭവം റിപ്പോർട്ട് ചെയ്യാൻ എത്തിയ കൈരളി ടി വി തലസ്ഥാനബ്യൂറോയിലെ സ്റ്റാഫ് റിപ്പോർട്ടർ പ്രിയാരവീന്ദ്രനും, എറണാകുളത്ത് കിഴക്കമ്പലത്ത് സെന്റ് ആന്റണീസ് പള്ളിയധികൃതരും ഇടവകയിലെ ചില അംഗങ്ങളും കോടതിയും ഉൾപ്പെട്ട ഒരു വഴിത്തർക്കം റിപ്പോർട്ട് ചെയ്യാനെത്തിയ ഏഷ്യാനെറ്റ് കൊച്ചി ബ്യൂറോയിലെ സ്റ്റാഫ് റിപ്പോർട്ടർ വിധു വിൻസെന്റും. തിരുവനന്തപുരത്തെ അക്രമം പ്രിയയുടെ തന്നെ വാക്കുകളിൽ പറഞ്ഞാൽ "നിസ്സാരവും അവഗണിക്കാവുന്നതു"മായിരുന്നു. എന്നാൽ വിധുവിനും ക്യാമറാ ടീമിനും നേരെ പള്ളിവികാരിയുടെ നേതൃത്വത്തിലുണ്ടായ കൈയേറ്റം ഗുരുതരമായ ചില ചോദ്യങ്ങൾ ഉയർത്തുകയും മലയാളിയുടെ ലീനമായ സ്ത്രീവിരുദ്ധത പുറത്ത് കൊണ്ടുവരികയും ചെയ്യുന്നു. തർക്കത്തിൽ ഒരു വിധത്തിലും ഇടപെടാതിരുന്ന ഒരു പത്രപ്രവർത്തകയോട് ജനക്കൂട്ടം കാണിച്ച അതിക്രമങ്ങൾ വിധു എപ്പിസോഡിന്റെ തുടക്കം മാത്രമാണ്. സ്വന്തം സ്ഥാപനത്തിലെ മേലധികാരികൾ ഈ സംഭവത്തോട് കാണിച്ച അവഗണന, പത്രപ്രവർത്തക സംഘടനകൾ അനുഷ്ഠിച്ച നിഷ്ക്രിയത്വം, മറ്റു മാധ്യമങ്ങൾ ഈ സംഭവത്തെയും സ്ത്രീപീഡനത്തിന്റെ ലേബലൊട്ടിച്ച് വില്പനയ്ക്ക് വെച്ചത് എല്ലാം തുടർക്കഥകളായുണ്ട്. വാർത്തയിൽ ലൈംഗികതയുടെ ചെറിയ കള്ളികളിലേക്ക് മാറ്റിനിർത്തപ്പെടുക മാത്രമല്ല, മാധ്യമസ്ഥാപനങ്ങളിലെ കടുത്ത അവഗണനയ്ക്കും സ്ത്രീ ഇരയാവുന്നു. മാധ്യമങ്ങളിലെ സ്ത്രീകളുടെ പ്രാതിനിധ്യമില്ലായ്മ സാമൂഹിക വികസന നയങ്ങളെ മുൻനിർത്തി പരിശോധിക്കേണ്ടതുണ്ട്.

അയഥാർത്ഥവും വളച്ചൊടിച്ചതും ഗൂഢമായ അർത്ഥകല്പനകളുള്ളതുമായ വാക്കുകളിലാണ് സ്ത്രീകളുമായി ബന്ധപ്പെട്ട വാർത്തകൾ പത്രങ്ങളും ചാനലുകളും തയ്യാറാക്കുന്നത്. പരസ്യങ്ങളിലെ ചിത്രീകരണത്തിന്റെ ഭൂരിഭാഗവും സ്ത്രീശരീരങ്ങൾ കൊണ്ട് നിറക്കുമ്പോഴും വാർത്തകളിൽ സ്ത്രീ വിരളമായ സാന്നിദ്ധ്യമാണ്. ലോകത്താകെ വാർത്തകളിലെ സ്ത്രീ സാന്നിദ്ധ്യം ഏഴ് ശതമാനം മാത്രമാണെന്ന് യുനെസ്കോയുടെ പഠനങ്ങൾ വ്യക്തമാക്കുന്നു. എന്നാൽ കേരളത്തിലേത് അതിലും കുറവാണ്. വനിതാ മാഗസിനുകളെ മാറ്റി നിർത്തിയാൽ, കേരളത്തിലെ അച്ചടി-ദൃശ്യ മാധ്യമങ്ങളിൽ വരുന്ന വാർത്തകളിലെ സ്ത്രീ സാന്നിദ്ധ്യം 4.5 ശതമാനം മാത്രമാണെന്ന് 1999-ൽ മുംബൈയിലെ സേവ്യർ ഇൻസ്റ്റിറ്റ്യൂട്ട് നടത്തിയ സർവ്വേയിൽ കണ്ടെത്തി. നന്മ/പവിത്രത അല്ലെങ്കിൽ ചീത്ത/അധാർമികത തുടങ്ങിയ വാർപ്പ് മാതൃകകളിലാണ് വാർത്തകളിൽ സ്ത്രീ നിലനിൽക്കുന്നത്. രാഷ്ട്രീയവാർത്തകളിൽ പോലും ഈ വേർതിരിവ് വ്യക്തമാണ്. പുരുഷ രാഷ്ട്രീയക്കാരെ സംബന്ധിച്ച വാർത്തകളിൽ ഒരിക്കലും കടന്നുവരാത്ത വ്യക്തിപരമായ വിവരണങ്ങൾ-സൗന്ദര്യം, വയസ്സ്, ആഭരണങ്ങൾ, വസ്ത്രങ്ങൾ- സ്ത്രീരാഷ്ട്രീയക്കാരെക്കുറിച്ചുള്ള വാർത്തകളിൽ നിറഞ്ഞുനിൽക്കുന്നു. മന്ത്രി കെ.വി. തോമസിനെതിരായ (വ്യാജ)രേഖാ കേസിൽ ശോഭനാ ജോർജ്ജ് എം.എൽ.എ രംഗപ്രവേശം ചെയ്യുന്നതോടെ രാഷ്ട്രീയം പിൻ നിരയിലേക്ക് മാറിയത് നമ്മൾ കണ്ടുവല്ലോ.

> **കേരളീയ വികസനത്തിൽ സ്ത്രീയുടെ അദൃശ്യതയ്ക്ക് പ്രധാനകാരണങ്ങളിലൊന്ന് മാധ്യമസ്ഥാപനങ്ങളിലെ പ്രാതിനിധ്യമില്ലായ്മയാണ്**

വാർത്തകളിൽ സ്ത്രീസാന്നിദ്ധ്യം കുറവാണെന്ന് മാത്രമല്ല, വരുന്ന വാർത്തകളിലെ ഉള്ളടക്കവും ശ്രദ്ധേയമാണ്. കൊലപാതകം, ഭർതൃപീഡനം, ആത്മഹത്യ എന്നിവ സംബന്ധിച്ച വാർത്തകളാണ് 'പെൺവാർത്ത'കളിൽ നിറഞ്ഞ് നിൽക്കുക. 13.5 ശതമാനം വാർത്തകളിൽ സ്ത്രീധനപ്രശ്നങ്ങളും 13 ശതമാനം വാർത്തകളിൽ ബലാത്സംഗം/ബലാത്സംഗ ശ്രമം, പൂവാലശല്യം എന്നിവയുമാണ് ഉള്ളടക്കമെന്ന് സേവ്യർ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പഠനത്തിൽ കണ്ടെത്തി. രാഷ്ട്രീയ-സാമൂഹിക സ്വഭാവമുള്ള വാർത്തകൾ 'പെൺവാർത്ത'കളിൽ അഞ്ചുശതമാനവും 'ആൺ വാർത്ത'കളിൽ 78 ശതമാനവുമാണത്രെ. പഞ്ചായത്തീരാജ് സ്ഥാപനങ്ങളിലെ വനിതാ സംവരണം സ്ത്രീകളെക്കുറിച്ചുള്ള രാഷ്ട്രീയവാർത്തകളിൽ നേരിയ വർദ്ധനവുണ്ടാക്കിയിട്ടുണ്ട്. എന്നാൽ വരുന്ന വാർത്തകളിൽ പലതും നിഷേധാത്മക സ്വഭാവമുള്ളതാണ്. അയൽക്കൂട്ടങ്ങളിലെയും ഗ്രാമസഭകളിലെയും ഭൂരിപക്ഷ സ്ത്രീപങ്കാളിത്തം പക്ഷെ, ലോക്കൽ പേജുകളിലെ 'സ്വാഗതം, നന്ദി' വാർത്തകളിൽ പ്രതിഫലിക്കുന്നില്ല.

"സ്ത്രീയുടെ ശത്രു സ്ത്രീയാണെന്നും", "സ്ത്രീകൾക്ക് അമിത സ്വാതന്ത്ര്യം ലഭിക്കുന്നത് ലൈംഗിക അധാർമ്മികതയ്ക്ക് ഇടയാക്കുമെന്നും" ഉള്ള മിഥ്യാധാരണകൾ ഏത് പുരുഷാധിഷ്ഠിത സമൂഹത്തിന്റെയും മനോവ്യാപാരങ്ങളിൽ ഉള്ളതാണ്. മാധ്യമങ്ങൾ ഇത്തരം ധാരകളെ പരിപോഷിപ്പിക്കുന്നു. വർഷങ്ങൾക്കുമുമ്പ് തിരുവനന്തപുരത്ത് വനിതാ സംഘടനകൾ നടത്തിയ സെക്രട്ടറിയേറ്റ് മാർച്ചിനെ വനിതാ പോലീസുകാർ നേരിടുന്ന ചിത്രം എല്ലാ പത്രങ്ങളും ഒന്നാം പേജിൽ നൽകി. ചിത്രത്തിന് മാതൃഭൂമി നൽകിയ അടിക്കുറിപ്പ് "സ്ത്രീയുടെ ശത്രു സ്ത്രീ" എന്നായിരുന്നുവെങ്കിൽ മനോരമ കുറേക്കൂടി കാവ്യാത്മകമായി "വനിതയെ വെല്ലാൻ വനിത" എന്ന് നൽകി. പുരുഷസമരക്കാരെ പുരുഷന്മാരായ പോലീസുകാർ നേരിടുന്നതോ?

ബലാത്സംഗങ്ങളും ലൈംഗിക പീഡനങ്ങളും റിപ്പോർട്ട് ചെയ്യുമ്പോൾ ഇരയുടെ പക്ഷത്ത് നിൽക്കേണ്ട മാധ്യമങ്ങൾ പലപ്പോഴും കുറ്റവാളികളോടൊപ്പം നിൽക്കുന്നു. സൂര്യനെല്ലി കേസിൽ മലയാള മനോരമയുടെ റിപ്പോർട്ടുകൾ ഉദാഹരണമായിരുന്നു. 15 വയസ് മാത്രം പ്രായമുള്ള പെൺകുട്ടി വർഷങ്ങളായി "അപഥ സഞ്ചാരിണി"യാണെന്ന മട്ടിലായിരുന്നു മനോരമ റിപ്പോർട്ടിംഗ്. സൂര്യനെല്ലിയിൽ നിന്ന് അഭിഭാഷകനെ കാണാനായി മാതാപിതാക്കളോടൊപ്പം പെൺകുട്ടി എറണാകുളത്തേക്ക് പോയതിനെക്കുറിച്ച് ഒന്നാം പേജിൽ നൽകിയ വാർത്തയുടെ തലക്കെട്ട് "സൂര്യനെല്ലി പെൺകുട്ടിയെ വീണ്ടും കാണാതായി" എന്നായിരുന്നു.

കേരളത്തിൽ സ്ത്രീ ശാക്തീകരണത്തിന്റെ കാലത്തും സ്ത്രീപ്രശ്നങ്ങൾ വാർത്തകളിൽ ശരിയായ പരിപ്രേക്ഷ്യത്തിൽ അവതരിപ്പിക്കപ്പെടാത്തതിന് കാരണം മാധ്യമങ്ങളിലെ സ്ത്രീകളുടെ പ്രാതിനിധ്യക്കുറവ് തന്നെയാണ്.

(തുടരും)

## ലോക ആയുർവേദ കോൺഗ്രസ് ഒക്ടോബർ 30 മുതൽ

ലോക ആയുർവേദ കോൺഗ്രസ് ഒക്ടോബർ 30 മുതൽ നവംബർ 5 വരെ കോച്ചി രാജേന്ദ്ര മൈതാനിയിൽ നടക്കും. 50 രാഷ്ട്രങ്ങളിൽ നിന്നായി 2500 പ്രതിനിധികൾ പങ്കെടുക്കും. കേന്ദ്ര ആരോഗ്യവകുപ്പുമായി സഹകരിച്ച് സ്വദേശി ശാസ്ത്രപ്രസ്ഥാനമാണ് ലോകായുർവേദകോൺഗ്രസ് 2002 സംഘടിപ്പിച്ചിരിക്കുന്നത്.

ആസ്റ്റർഡാം, ടൊയോമോ, മിസിസ്സിപ്പി, ഓക്സ്ഫർഡ് എന്നീ വിദേശസർവ്വകലാശാലകളിൽ നിന്നും ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച്(ഐ. സി. എം. ആർ), ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രിക്കൾച്ചർ റിസർച്ച് (ഐ. സി. എ. ആർ), കൗൺസിൽ ഓഫ് സയന്റിഫിക്ക് ആന്റ് ഇൻഡസ്ട്രിയൽ റിസർച്ച് (സി. എസ്. ഐ. ആർ), നാഷണൽ എയിഡ്സ് കൺട്രോൾ ടെക്നോളജി മന്ത്രാലയം, ശാസ്ത്രസാങ്കേതിക വകുപ്പ്, റീജണൽ റിസർച്ച് ലാബട്ടറികൾ എന്നിവിടങ്ങളിൽ നിന്നുമുള്ള മുതിർന്ന ശാസ്ത്രജ്ഞന്മാർ ആയുർവേദ കോൺഗ്രസിൽ പങ്കെടുക്കും.